**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

**ആനുകാലിക റിപ്പോർട്ട്**

**(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2025)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2025 ഒക്ടോബർ 8-ാം തീയതി സമർപ്പിച്ചത്**

**(Presented on 8th October, 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

ആനുകാലിക റിപ്പോർട്ട്

(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1257/2025.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
ഗതാഗത വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. മോൻസ് ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീമതി ഉമ തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ.എസ്. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ലെ ഭാഗം-2 നമ്പർ 26 പ്രകാരം 2021-2023 കാലയളവിലേയ്ക്കായും, 2023 ഡിസംബർ 7-ലെ ഭാഗം-2 നമ്പർ 445 പ്രകാരം 2023-2026 കാലയളവിലേയ്ക്കായും രൂപീകരിച്ച മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 11-6-2024, 2-7-2024(സംയുക്ത യോഗം), 8-7-2024, 14-10-2024, 21-2-2025(ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച രണ്ട് യോഗങ്ങൾ), 27-2-2025, 19-3-2025 (സംയുക്ത യോഗം), എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണന, വിവിധ സമിതി ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 47.73% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |

| | | |
|---|---|---|
| അദ്ധ്യായം V | - | നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | a) 2024-25-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.<br>b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2025 ഒക്ടോബർ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്,
*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി V.*

തിരുവനന്തപുരം,
2025 ഒക്ടോബർ 8.

# റിപ്പോർട്ട്

## അദ്ധ്യായം - I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് 5-3-2024-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 10-6-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 8-7-2024-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 10-7-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3) സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 8-7-2024-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 10-7-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 27-2-2025-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 3-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം - II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

ഇല്ല.

## അദ്ധ്യായം - III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 11-6-2024-ലെ യോഗത്തിൽ 2023-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ചട്ടം, (എസ്.ആർ.ഒ. 1041/2023), 2023-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടം, (എസ്.ആർ.ഒ. നമ്പർ 1303/2023) എന്നിവ സാധൂകരിക്കുകയും 2023-ലെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചറൽ വിംഗ്) സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം, (എസ്. ആർ. ഒ. നമ്പർ 904/2023)-ന്മേൽ വിശദീകരണം ആരായുകയും 14-10-2024-ലെ യോഗത്തിൽ ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻറ്മെന്റ്) റൂൾസ്, 2023, (എസ്.ആർ.ഒ. 908/2023) സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം - IV

### ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

ഇല്ല.

## അദ്ധ്യായം - V

### കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| XLI - ഗതാഗതം<br>IX - വാഹന നികുതികൾ | 2019-20 | ഗതാഗത വകുപ്പ് (കാലതാമസപത്രിക സഹിതം) | 2-7-2024 |
| XLI - ഗതാഗതം<br>IX - വാഹന നികുതികൾ | 2020-21 | ഗതാഗത വകുപ്പ് (കാലതാമസപത്രിക സഹിതം) | 18-3-2025 |
| XL - തുറമുഖങ്ങൾ | 2022-23 | തുറമുഖ വകുപ്പ് (കാലതാമസപത്രിക സഹിതം) | 2-7-2024 |
| XLI - ഗതാഗതം<br>IX - വാഹന നികുതികൾ | 2022-23 | ഗതാഗത വകുപ്പ് (കാലതാമസപത്രിക സഹിതം) | 8-10-2024 |
| XLI -ഗതാഗതം | 2023-24 | ഗതാഗത വകുപ്പ് (കെ.എസ്.ആർ.ടി.സി) | 2-7-2024 |
| XLI -ഗതാഗതം | 2023-24 | ഗതാഗത വകുപ്പ് ( ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്) | 2-7-2024 |
| XL - തുറമുഖങ്ങൾ | 2023-24 | തുറമുഖ വകുപ്പ് | 2-7-2024 |
| XLI - ഗതാഗതം<br>IX - വാഹന നികുതികൾ | 2023-24 | ഗതാഗത വകുപ്പ് | 11-7-2024 |
| XV -പൊതുമരാമത്ത് | 2023-24 | പൊതുമരാമത്ത് വകുപ്പ് | 11-7-2024 |
| XLI -ഗതാഗതം | 2023-24 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് (ഉൾനാടൻ ജലഗതാഗതം) | 8-10-2024 |

## അദ്ധ്യായം - VI

a) 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തി യിട്ടുള്ള, മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നം. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നം. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 108 | 8-71, 88-91, 92-96, 98-103, 105-108 | 1-7, 72-87, 97,104 | 25 |

b) വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള കാലതാമസപത്രിക ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

**ശിപാർശ**

5055-00-190-99-01—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ-കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് നവീകരണവും ഇൻഫ്രാസ്ട്രക്ച്ചർ വികസനവും

വർക്ക്ഷോപ്പുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും, ടൂൾസ് വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 17.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 134)

**സ്വീകരിച്ച നടപടി**

5055-00-190-99-01—ശീർഷകത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് തുക അനുവദിച്ചിട്ടില്ല.

(ഫ. നം. : TRANS-A1/88/2024-TRANS തീയതി 29-4-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

5055-00-190-99-02—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ-കെ.എസ്.ആർ.ടി.സി.-യിൽ സമൂലമായ കമ്പ്യൂട്ടറൈസേഷനും ഇ - ഗവേണൻസ് നടപ്പാക്കലും

കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30.618 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 135)

**സ്വീകരിച്ച നടപടി**

5055-00-190-99-02 ശീർഷകത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം ആകെ 2,73,62,000 രൂപയാണ് കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ചിട്ടുള്ളത്.

(ഫ. നം. : TRANS-A1/88/2024-TRANS തീയതി 29-4-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

5055-00-800-79—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-മറ്റ് ചെലവുകൾ-വാഹന വ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

കാലാവധി എത്തുന്നത് മൂലം മാറ്റേണ്ടതായ എല്ലാ ബസുകൾക്കും പകരമായി ബസ് വാങ്ങുന്നതിനും വാഹനവ്യൂഹത്തിന്റെ പരിഷ്കരണത്തിനും ഇലക്ട്രിക് ബസ് ഓടിക്കുന്നതിനുള്ള viability gap fund ഇനത്തിലുമായി ഈ ശീർഷകത്തിൽ 175.92 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 136)

**സ്വീകരിച്ച നടപടി**

5055-00-800-79 ശീർഷകത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് തുക അനുവദിച്ചിട്ടില്ല.

(ഫ. നം. : TRANS-A1/88/2024-TRANS തീയതി 29-4-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ-പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തിനും കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷനും നൽകുന്നതിനായി ഈ ശീർഷകത്തിൽ 220 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 144)

**സ്വീകരിച്ച നടപടി**

7055-00-190-99 ശീർഷകത്തിൽ നിന്നും ബഡ്ജറ്റ് വിഹിതമായ 1000 കോടി രൂപയ്ക്ക് പുറമേ 739.86 കോടി രൂപ കൂടി അധികമായി കെ.എസ്.ആർ.ടി.സി.-യ്ക്ക് 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.-യ്ക്ക് സർക്കാർ അനുവദിച്ച ആകെ തുക 1739,85,84,777 രൂപയാണ്.

(റഫ. നം. : TRANS-A1/88/2024-TRANS തീയതി 29-4-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

**ശിപാർശ**

2041-00-001-99-01-04—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ-ശമ്പളം-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, ഡ്രൈവർമാർ എന്നിവർ ഒഴികെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും ശമ്പളവും യാത്രാപ്പടി ഒഴികെയുള്ള അലവൻസുകൾ നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 1)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമായി. അതിൽ 4,69,254 രൂപ (നാല് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി അൻപത്തിനാല് രൂപ മാത്രം) ചെലവഴിച്ചു.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

(കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-001-99-05-03—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ -ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങളുടെ ഭാഗമായി അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടെലിഫോൺ ചെലവ് ഇനത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 2)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമായി. അതിൽ 1,97,701 രൂപ(ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുനൂറ്റി ഒന്ന് രൂപ മാത്രം) ചെലവഴിച്ചു.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

(കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-001-99-05-04—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചിരിക്കുന്നതിനാൽ മോട്ടോർ വാഹന നികുതി അടച്ചതിന് തെളിവായി നൽകേണ്ട ടാക്സ് ടോക്കൺ,

വിവിധയിനം സേവനങ്ങൾക്ക് പൊതുജനം പണം അടയ്ക്കുമ്പോൾ നൽകുന്ന സുരക്ഷാ കോഡ് ഉൾപ്പെടുത്തിയ രസീത് എന്നിവയുടെ പ്രിന്റിങ് ചാർജ്, വകുപ്പിന് ആവശ്യമായ ഫർണിച്ചർ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവയ്ക്കുള്ള തുക തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 3)

**സ്വീകരിച്ച നടപടി**

G.O.(Rt) No. 3511/2021/Fin dated 14-4-2021 പ്രകാരം 10 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ചു. അതിന് പുറമേ 2 കോടി രൂപ കൂടി ലഭ്യമായി. അതിൽ 1,90,79,447 രൂപ (ഒരു കോടി തൊണ്ണൂറ് ലക്ഷത്തി എഴുപത്തൊൻപതിനായിരത്തി നാനൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) ചെലവായി.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

( കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-001-99-06—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ -വാടക, കരം, നികുതി

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ ഓഫീസുകൾ, തിരുവനന്തപുരം, ആറ്റിങ്ങൽ, പത്തനംതിട്ട, മൂവാറ്റുപുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനഃപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 4)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായ 57 ലക്ഷം രൂപ മാത്രമാണ് ലഭ്യമായത്.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

( കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-001-96—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 5)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായ 15 കോടി രൂപയ്ക്ക് പുറമേ 7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമായി. അതിൽ 6,72,91,673 രൂപ (ആറ് കോടി എഴുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചു.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

( കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-102-99-06—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന – വാടക, കരം, നികുതി

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 6)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതം മാത്രമാണ് ലഭ്യമായത്.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

(കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-102-99-21-2—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 7)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായ 27.3 ലക്ഷം രൂപയ്ക്ക് പുറമേ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമായി. അതിൽ 1,87,236 (ഒരു ലക്ഷത്തി എൺപത്തിയേഴായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) ചെലവഴിച്ചു.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

(കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

2041-00-102-99-45—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 8)

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായ 1.1025 കോടി രൂപയ്ക്ക് പുറമേ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമായി. അതിൽ 4,77,627 (നാല് ലക്ഷത്തി എഴുപത്തിയേഴായിരത്തി അറുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ചെലവഴിച്ചു.

(റഫ. നം. : ബി3/312/2021/ഗതാ, തീയതി : 20-7-2024)

( കാലതാമസപത്രിക 8-10-2024-ന് സഭയിൽ സമർപ്പിച്ചു )

## 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശിപാർശ

5056-00-190-90—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

വാട്ടർ മെട്രോ പദ്ധതിയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട തുക, വാട്ടർ മെട്രോ പദ്ധതി IURWTS പദ്ധതിയുമായി സംയോജിപ്പിക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 103.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 87)

### സ്വീകരിച്ച നടപടി

2021-22-ൽ PSTSB Account-ൽ നിന്നും resume ചെയ്ത 15 കോടി രൂപ G.O (Rt) No.464/2022/Trans dated 7-11-2022 പ്രകാരം 2022-23-ൽ വാട്ടർ മെട്രോ പദ്ധതിക്ക് വേണ്ടി നൽകുകയുണ്ടായി.

(ഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

( കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു )

### ശിപാർശ

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചാലുടനെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 88)

**സ്വീകരിച്ച നടപടി**

2022-23-ൽ കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് ലഭിച്ചെങ്കിലും തുകയൊന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

(ഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

5075-60-800-83-01—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - സംസ്ഥാന നികുതി തിരികെ നൽകൽ

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഘട്ടം 1 എ, 1 ബി എന്നിവയുടെ നികുതി തിരിച്ചടവ്, കേന്ദ്ര സർക്കാരിന്റെ അനുമതിക്കനുസൃതമായി ഘട്ടം 2-ന്റെ സംസ്ഥാന നികുതി, കേന്ദ്ര നികുതി തിരിച്ചടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 204.91 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 92)

**സ്വീകരിച്ച നടപടി**

2022- 23-ൽ ഈ ശീർഷകത്തിൽ തുകയൊന്നും ലഭ്യമാക്കിയിട്ടില്ല .

(ഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

5075-60-800-83-03—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - വായ്പാ പലിശ തിരിച്ചടവ്

വായ്പ തിരിച്ചടവ്, പലിശ അടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 441.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 93)

**സ്വീകരിച്ച നടപടി**

2022-23-ൽ G.O (Rt) No. 252/2022/Trans dated 22-6-2022 പ്രകാരം 65.9877 കോടി രൂപ ഈ ശീർഷകത്തിൽ നൽകുകയുണ്ടായി.

(ഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

( കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

5075-60-800-83-04—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - പ്രാവർത്തിക ധന നഷ്ടം

കൊച്ചി മെട്രോയുടെ പ്രവർത്തന നഷ്ടം നികത്തുന്നതിനായി ഈ ശീർഷകത്തിൽ 45.68 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 94)

**സ്വീകരിച്ച നടപടി**

2022-23 ൽ ഈ ശീർഷകത്തിൽ നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| G.O No & Date | രൂപ കോടിയിൽ | റിമാർക്സ് |
|---|---|---|
| (1) | (2) | (3) |
| G.O (Rt) No. 417/2022/Trans dated 1-10-2022 | 107.31 | Canara Bank, Union Bank of India, AFD & HUDCO എന്നിവയുടെ കടം, പലിശ തിരിച്ചടവിലേക്ക് |
| G.O (Rt) No. 538/2022/Trans dated 24-12-2022 | 67.16 | Canara Bank, Union Bank of India & HUDCO എന്നിവയുടെ കടം, പലിശ തിരിച്ചടവിലേക്ക് |
| G.O (Rt) No. 95/2023/Trans dated 8-3-2023 | 36.50 | Canara Bank- ന്റെ കടം, പലിശ തിരിച്ചടവിലേക്ക് 36.50 കോടി രൂപ അനുവദിച്ചെങ്കിലും 31-3-2023- ൽ 22.70 കോടി രൂപ PSTSB Account- ൽ നിന്നും resume ചെയ്യുകയുണ്ടായി. |

| (1) | (2) | (3) |
|---|---|---|
| G.O (Rt) No. 94/2023/Trans dated 8-3-2023 | 40.26 | AFD- യുടെ കടം, പലിശ തിരിച്ചടവിലേക്ക് 40.26 കോടി രൂപ അനുവദിച്ചെങ്കിലും 31-3-2023- ൽ 40.26 കോടി രൂപ PSTSB Account- ൽ നിന്നും resume ചെയ്യുകയുണ്ടായി. |
| G.O (Rt) No. 96/2023/Trans dated 8-3-2023 | 85.93 | Kerala Bank-ന്റെ കടം, പലിശ തിരിച്ചടവിലേക്ക് 85.93 കോടി രൂപ അനുവദിച്ചു. |
| ആകെ | 337.16 (Resume ചെയ്ത 62.96 കോടി രൂപ ഉൾപ്പെടെ) | |

(ഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

( കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

5075-60-800-83-05—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - സജ്ജീകരണ പ്രവർത്തികൾ

ലൈറ്റ് മെട്രോ പദ്ധതിയുടെ DPR, CMP, AAR എന്നിവ തയ്യാറാക്കുന്നതിനായും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കായും ആലുവ മുതൽ അങ്കമാലി വരെയുള്ള കൊച്ചി മെട്രോ റെയിലിന്റെ ഘട്ടം 3-ന്റെ മുന്നൊരുക്ക പ്രവൃത്തികൾക്കായും കൊച്ചി മെട്രോയുടെ ടിക്കറ്റിങ്ങും പാസഞ്ചർ സൗകര്യങ്ങളും ആധുനികവൽക്കരിക്കുന്നതിനായും എക്സിക്യൂട്ടീവ് ഓഫീസേഴ്സിനുവേണ്ടി ഭവന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായും ഈ ശീർഷകത്തിൽ 115 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 95)

**സ്വീകരിച്ച നടപടി**

2022-23-ൽ ഈ ശീർഷകത്തിൽ തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

(ഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു )

**ശിപാർശ**

7056-00-190-98—ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - സംയോജിത ജലഗതാഗത പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുള്ള വായ്പ

വാട്ടർ മെട്രോ പദ്ധതിയ്ക്കുവേണ്ടി KfW - ൽ നിന്നും റീഇമ്പേഴ്സ്മെന്റായി back to back basis-ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ മുഖേന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 83.76 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 98)

**സ്വീകരിച്ച നടപടി**

19.7192 കോടി രൂപ 2022-23-ൽ KfW ജർമ്മനിയിൽ നിന്നും റീഇമ്പേഴ്സ്മെന്റായി back to back basis - ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ മുഖേന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് ലഭിച്ചു.

1. G.O (Rt) No. 311/2022/Trans dated 27-7-2022 – 15.9372 കോടി രൂപ
2. G.O (Rt) No. 466/2022/Trans dated 8-11-2022 – 3.782 കോടി രൂപ

(റഫ. നം. : ഇ 2/61/2023/ ഗതാ, തീയതി : 30-9-2023 & 9-2-2024)

(കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു)

## അദ്ധ്യായം - VII

### സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

പി. എ. മുഹമ്മദ് റിയാസ്

*ചെയർപേഴ്സൺ ,*

*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,

2025 ഒക്ടോബർ 7.

## അനുബന്ധം

# 11-6-2024-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2024 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ :

ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. ബിജു കെ., സെക്രട്ടറി, പൊതുമരാമത്ത് & വിനോദസഞ്ചാര വകുപ്പ്
3. ശ്രീമതി മിനി എം., സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീ. എൻ. ശിവശങ്കരപിള്ള, ചെയർമാൻ, കേരള മാരിടൈം ബോർഡ്
5. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി രഹാന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

7. ശ്രീമതി ഗിരിജ കുമാരി ജി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്

8. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

9. ശ്രീ. ഷൈൻ എ. ഹഖ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

10. ശ്രീമതി ലിസിമോൾ ഇ., ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

11. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

12. ശ്രീ. സുനിൽ കുമാർ വി. ആർ., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

13. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്

14. ശ്രീ. ജോസഫ് കെ. ജെ., ജനറൽ മാനേജർ, കെ.ആർ.ഡി.സി.എൽ.

15. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

സമിതി നടപടിപത്രികകൾ, കാലതാമസപത്രികകൾ, എസ്.ആർ.ഒ.-കളുടെ സാധൂകരണം എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. നടപടിപത്രികകളുടെ പരിഗണന

1. വിനോദസഞ്ചാര മേഖലയിലുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 26-7-2023-ലെ സമിതി യോഗനിർദ്ദേശത്തിൻമേൽ മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിച്ച നടപടി.

(ഫയൽ നമ്പർ 617/സബ്. സി. എ 2/2019/നി.സെ.)

കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിൽ സമിതി ശിപാർശ ചെയ്ത വിഷയങ്ങൾ വന്നതിനുശേഷം ആലപ്പുഴയിലെ ഹൗസ് ബോട്ടുകളുടെ നിർമ്മാണാനുമതി നിർത്തി വച്ചതിനെത്തുടർന്ന് അനധികൃത യാനങ്ങളുടെ ബോട്ടിങ്ങും അതിന്റെ എൻഫോഴ്സ്മെന്റും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയും ആവശ്യമായ നടപടികളെടുക്കാൻ തീരുമാനിക്കുകയും, തുടർന്ന് ബോട്ട് ഓണേഴ്സ് അസോസിയേഷനും പരിസ്ഥിതി പ്രവർത്തകരും ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ആയത് ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തുവെന്നും സ്റ്റേ ഒഴിവാക്കുന്നതിന് ഗവൺമെന്റും മാരിടൈം ബോർഡും

പ്രത്യേകം പ്രത്യേകം അഭിഭാഷകരെ നിയമിച്ചിട്ടുണ്ടെന്നും സ്റ്റേ വെക്കേറ്റ് ചെയ്താലുടൻ തന്നെ ആലപ്പുഴയിലെ ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കുന്നതാണെന്നും സമിതി നേരത്തെ നൽകിയിരുന്ന നിർദ്ദേശങ്ങളിൻമേൽ തീരുമാനമെടുത്തതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുണ്ടെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

കേരള ഇൻലാൻഡ് വെസ്സൽസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരം ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ നിർത്തിവച്ചിരുന്നുവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 7-6-2018-ന് ചേർന്ന യോഗത്തിൽ മേൽതീരുമാനം ശരിവച്ചുവെന്നുമാണ് റിപ്പോർട്ടിൽ പറയുന്നതെന്നും പരാമർശിച്ച സമിതി ചെയർമാൻ ആയതിന്റെ പുനഃപരിശോധന ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് ഫയൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു. ആയതിന് ഫയൽ സമർപ്പിച്ചിട്ടുണ്ടെന്നും 2024 ജനുവരി മാസത്തിൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പഴയ തീരുമാനങ്ങളെല്ലാം പുനഃപരിശോധിച്ചുകൊണ്ട് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്നും അവ നടപ്പിലാക്കാൻ ആരംഭിച്ച മുറക്കാണ് പരിസ്ഥിതി സംബന്ധിച്ചുള്ള വിഷയങ്ങൾ ഉന്നയിച്ച് ഹൈക്കോടതിയിൽ കേസ് നൽകുകയും അതിൻമേൽ സ്റ്റേ വരുകയും ചെയ്തതെന്നും സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ മറുപടി നൽകി.

നമ്മുടെ ഭാഗത്തുനിന്നും മാലിന്യനിക്ഷേപം നടക്കുന്നുണ്ടോയെന്നും പരിസ്ഥിതി സംഘടനകൾ ആവശ്യപ്പെടുന്നത് എന്താണെന്നും സമിതി ആരാഞ്ഞതിന് മാലിന്യ നിക്ഷേപം നടക്കുന്നില്ലെന്നും 2021-ലെ പുതിയ കേന്ദ്രനിയമം അനുസരിച്ചുള്ള ചട്ടങ്ങളാണ് ഇപ്പോൾ നിലവിലുള്ളതെന്നും പ്രസ്തുത ആക്ട് മറ്റെല്ലാ ആക്ടിനെക്കാളും പരമോന്നതമാണെന്ന് ആക്ടിൽ തന്നെ പരാമർശിച്ചിട്ടുണ്ടെന്നും വേമ്പനാട് കായലിന്റെ പകുതിയോളവും ആലപ്പുഴയിലെ സലൈനിറ്റിയുള്ള ഭാഗവും Wetland ആക്ടിൽ വരുന്നതല്ലെങ്കിലും വേമ്പനാട് കായൽ Kerala Conservation of Paddy Land and Wetland Act-ന്റെ പരിധിയിൽ വരുന്നതാണെന്നും പുതുതായി ബോട്ടുകൾ രജിസ്റ്റർ ചെയ്താൽ വലിയ രീതിയിൽ മാലിന്യങ്ങൾ ഉണ്ടാകുകയും ഫലത്തിൽ കായൽ ഇല്ലാതാകുകയും ചെയ്യും എന്ന വാദമാണ് ഉന്നയിക്കുന്നതെന്നും മേൽപ്പറഞ്ഞ മേഖലകളിൽ CRZ(Coastal Regulation Zone) ആണുള്ളതെന്നും അവിടെ Wetland act ബാധകമല്ലെന്നും പരിസ്ഥിതി പ്രവർത്തകരുടെ വാദം മാത്രമാണ് കഴിഞ്ഞതെന്നും 10-6-2024-ന് നടത്താനിരുന്ന വാദം മാറ്റിവച്ചുവെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ മറുപടി നൽകി.

രജിസ്ട്രേഷനില്ലാത്ത ബോട്ടുകളെ കേരള ഇൻലാൻഡ് വെസ്സൽസ് (കെ.ഐ.വി.) നിയമത്തിന് കീഴിൽ കൊണ്ടുവരാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് കേരള ഇൻലാൻഡ് വെസ്സൽസ് (കെ.ഐ.വി.) നിയമത്തിനുപകരം ഇൻലാൻഡ് വെസ്സൽസ് ആക്ട്, 2021 ആണ് ഇപ്പോഴുള്ളതെന്നും ഇൻലാൻഡ് വെസ്സൽസ് ആക്ടിന്റെ 87(2) വകുപ്പുപ്രകാരം രജിസ്ട്രേഷനില്ലാത്ത ബോട്ടുകൾ ഏതൊക്കെ തരത്തിലുള്ള നിയമലംഘനങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് പരിശോധിച്ച് അതിന്റെ സുരക്ഷിതത്വത്തെയോ സ്ഥിരതയെയോ ബാധിക്കാതെ പിഴ ഈടാക്കി അവയെ റെഗുലറൈസ് ചെയ്യാവുന്നതാണെന്നും എന്നാൽ ചില കേസ്സുകളിൽ തടവുശിക്ഷകൾ ഉൾപ്പെടെയുള്ള ശിക്ഷകളുമുണ്ടെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു

പ്രസ്തുത കേസിന്റെ വിശദാംശം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ രേഖപ്പെടുത്താത്തത് എന്താണെന്ന് സമിതി ആരാഞ്ഞു ആയതിന് നേരത്തേ നൽകിയ നിർദ്ദേശങ്ങളുടെ മറുപടിയാണ് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നതെന്നും ഗവൺമെന്റിൽ പുതുതായി നൽകിയ റിപ്പോർട്ടിൽ കേസിന്റെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ മറുപടി നൽകി. മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് അംഗീകരിക്കുകയും അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടണമെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു.

2. <u>തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് കർണ്ണാടക സർക്കാരുമായി നടത്തിയ ചർച്ചയിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്</u>

(ഫയൽ നം. 11605/സബ്.സി.എ 2/2021/നി.സെ.)

റെയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പെർമിഷനുവേണ്ടി റിവൈസ്ഡ് പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അതിനുള്ള മറുപടി ലഭിച്ചിട്ടില്ലെന്നും, എം.പി.-മാരുടെ യോഗത്തിലും പലപ്രാവശ്യം ഈ വിഷയം ഉന്നയിച്ചെങ്കിലും കർണ്ണാടകയുടെ ഭാഗത്തുനിന്നും അനുകൂലമായ മറുപടി ഇതുവരെ ലഭ്യമായിട്ടില്ലെന്നും ടി പ്രോജക്ട് ഇപ്പോഴും തൽസ്ഥിതിയിൽ തുടരുകയാണെന്നും ഗതാഗത വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

## II. കാലതാമസപത്രികകളുടെ പരിഗണന

3. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 87, 88, 92, 95, 98 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ.

(ഫയൽ നമ്പർ 13337/സബ്.സി.എ 2/2023/നി.സെ.)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 87, 88, 92, 95, 98 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക.

(ഫയൽ നമ്പർ 788/സബ്.സി.എ 2/2023/നി.സെ.)

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## III. എസ്.ആർ.ഒ. സാധൂകരണം

5. 2023-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ചട്ടങ്ങൾ(എസ്. ആർ. ഒ. നം. 1041/2023) സാധൂകരണം- സംബന്ധിച്ച്.

(ഫയൽ നമ്പർ 19705/സബ്.സി.എ 2/2023/നി.സെ)

2023-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നം. 1041/2023) സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

6. 2023-ലെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചറൽ വിംഗ്) സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ (ഭേദഗതി) ചട്ടം - (എസ്.ആർ.ഒ നം. 904/2023) സാധൂകരണം- സംബന്ധിച്ച്.

(ഫയൽ നമ്പർ. 19873/സബ്.സി.എ 2/2023/നി.സെ.)

എസ്.ആർ.ഒ. നം. 904/2023-ൽ ചട്ടം 3, 5 എന്നിവയിൽ വലിയ അക്ഷരത്തിൽ 'TABLE-1', 'TABLE-2', എന്നതിനുപകരം 'TABLE' എന്ന് ഭേദഗതി ചെയ്തെങ്കിലും ചെറിയ

അക്ഷരത്തിൽ എഴുതിയിരുന്നതിന് ഭേദഗതി വരുത്തുവാൻ വിട്ടുപോയതാണെന്നും അതിനു വേണ്ടി ഒരു erratum പുറപ്പെടുവിക്കാവുന്നതാണെന്നും, "and in consonance with Architects Act 1972" എന്നത് അവ്യക്തമായി പറയുന്നതിനുപകരം Architects Act 1972-ന്റെ ഏതെല്ലാം വകുപ്പ് അനുസരിച്ചാണ് നിലവിലെ ചട്ടങ്ങൾ പരിഷ്കരിച്ചത് എന്ന് വ്യക്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയനുസരിച്ച് നിയമവകുപ്പ് വീണ്ടും പരിശോധിച്ചതിൽ Architects Act-ൽ സ്പെഷ്യൽ റൂൾസ് ഇറക്കാനുള്ള അധികാരം സംസ്ഥാനത്തിനില്ല എന്നുള്ളതുകൊണ്ടാണ് നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. 904/2023 പ്രകാരം ആയത് ഒഴിവാക്കിയതെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

"and in consonance with Architects Act 1972" എന്നത് എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്നുള്ള വിശദീകരണം നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതിന് നിയമവകുപ്പിന്റെ അഭിപ്രായം കൂടി തേടിയതനുശേഷം അതനുസരിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും മറുപടി നൽകാമെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

7. 2023-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നം. 1303/2023) സാധൂകരണം- സംബന്ധിച്ച്.

(ഫയൽ നമ്പർ 195/സബ്.സി.എ 2/2024/നി.സെ.)

2023-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നം. 1303/2023) പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

വൈകുന്നേരം 6.10-ന് യോഗം അവസാനിച്ചു.

## 2-7-2024-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ ഒരു സംയുക്തയോഗം The Kerala Finance Bill, 2024 പരിഗണിക്കുന്നതിനായി 2024 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 7.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേരുകയുണ്ടായി. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ

അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന സമിതി അദ്ധ്യക്ഷന്മാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങളായ വകുപ്പു മന്ത്രിമാരും മറ്റ് സമിതി അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ശ്രീ. എം. ബി. രാജേഷ്,

   തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,

   രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി VIII.

3. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (വീഡിയോ കോൺഫറൻസിംഗ് മുഖേന),

   പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി,

   അദ്ധ്യക്ഷൻ,

   സബ്ജക്ട് കമ്മിറ്റി V.

4. ശ്രീ. കെ. ബി. ഗണേഷ് കുമാർ,

   ഗതാഗത വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി V.

5. ശ്രീ. കെ. കൃഷ്ണൻകുട്ടി,

   വൈദ്യുതി വകുപ്പുമന്ത്രി,

   അദ്ധ്യക്ഷൻ,

   സബ്ജക്ട് കമ്മിറ്റി VII.

ഹാജരായ സമിതി അംഗങ്ങൾ :

സബ്ജക്ട് കമ്മിറ്റി VIII:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. കെ. വി. സുമേഷ്
7. ശ്രീ. ഇ. കെ. വിജയൻ.

സബ്ജക്ട് കമ്മിറ്റി V:

1. ഡോ. എം. കെ. മുനീർ
2. ശ്രീ. കെ. പ്രേംകുമാർ
3. ശ്രീ. പി. പി. സുമോദ്
4. ശ്രീമതി ഉമ തോമസ്.

സബ്ജക്ട് കമ്മിറ്റി VII:

1. ശ്രീ. അൻവർ സാദത്ത്
2. ശ്രീ. എ. കെ. എം. അഷ്റഫ്
3. ശ്രീ. എ. പ്രഭാകരൻ
4. ശ്രീ. കെ. കെ. രാമചന്ദ്രൻ
5. ശ്രീ. വാഴൂർ സോമൻ.

സബ്ജക്ട് കമ്മിറ്റി XIV:

1. ശ്രീ. വി. ജോയി
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. തോമസ് കെ. തോമസ്
4. ശ്രീ. വി. ഡി. സതീശൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന).

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി
7. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
3. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
4. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി പ്രീത ബി. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
8. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
9. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
10. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
11. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്
12. ശ്രീമതി ദീപ എൻ. സി., ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്

13. ശ്രീ. പി. കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്
14. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, പവർ ഡിപ്പാർട്ടുമെന്റ്
15. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
16. ശ്രീ. ശ്രീകാന്ത് കെ. പി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
17. ശ്രീ. ഷാജി മാധവൻ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്
18. ശ്രീ. ദിനേഷ് കുമാർ, ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
19. ശ്രീ. സുനിൽ കുമാർ വി., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
20. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
21. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
22. ശ്രീമതി കെ. ബി. മീനാംബിക, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വാഹന വകുപ്പ്
23. ശ്രീമതി ദേവിപ്രിയ ആർ. ജി., ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് .

പ്രസ്തുത സംയുക്തയോഗം THE KERALA FINANCE BILL, 2024 ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

The Kerala Stamp Act, 1959, The Kerala Court Fees and Suits Valuation Act, 1959, The Kerala Electricity Duty Act, 1963, The Kerala Motor Vehicles Taxation Act, 1976 എന്നീ നാല് ആക്ടുകളിന്മേലുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് 2024-ലെ കേരള ധനകാര്യ ബിൽ. പ്രസ്തുത ബില്ലിലെ 1, 2, 4, 5, 6, 8, 9, 10, 14, 15, 16,

20, 23 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഔദ്യോഗിക ഭേദഗതികൾ യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് സമിതിയോഗം, ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും നിയമവകുപ്പ് നിർദേശിച്ച ഭേദഗതികളിന്മേൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ 2024-ലെ കേരള ധനകാര്യ ബിൽ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

Clause 1

for clause 1, the following clause shall be substituted, namely:—

"(1) *Short title and commencement.*—(1) This Act may be called the Kerala Finance Act, 2024.

(2) Save as otherwise provided in this Act,—

(a) explanation V inserted by clause (b) of sub-section (2) of section 2 shall come into force at once;

(b) Chapter III shall come into force on such date as the Commissioner of State Tax may, by notification in the Official Gazette, appoint;

(c) the remaining provisions of this Act shall be deemed to have come into force on the 1st day of April, 2024." .

Clause 2

(i) in sub-clause (1), for the word "clause" wherever they occur, the words "sub-section" shall be substituted;

(ii) in item (b) of sub-clause (2) after Explanation IV, the following shall be added, namely:—

"Explanation V:—If the lease of property is for the installation of mobile tower, the fair value of the land or the whole rental amount payable, whichever is higher, shall deemed to be the value of the property for assessment of stamp duty.".

(iii) in item (d) for the word "entries", the word "entry" shall be substituted.

Clause 4

(i) in sub-clause (i), for the word "Naya", the word "Naye" shall be substituted;

(ii) for sub-clause (ii), the following sub-clause shall be substituted, namely:—

"(ii) in the schedule, in item 5 in column (3),—

(a) for the figure and symbols "1.2", the figure "15" shall be substituted;

(b) after the existing entry, the following exemption shall be inserted, namely:—

*Exemption*:—The consumers who generated and consumed energy from solar sources are exempted".

Clause 5

in sub-clause (2), in item (i), the existing items shall be renumbered as items (b), (c) and (d) respectively and before the items so renumbered, the following item shall be inserted, namely:—

"(a) in column (2), the words "registered in Kerala and" shall be omitted.".

Clause 6

in sub-clause (g), for the words, brackets and figure "clause (24) of section 2" the words and figure "under section 3" shall be substituted.

Clause 8

in the second proviso to sub-clause (1), for the word and figure "section 5", the word and figure "section 9" shall be substituted.

Clause 9

in sub-clause (2), for the words, "paying an amount recalculating the amount recalculated" the words, "recalculating the amount payable" shall be substituted.

Clause 10

(i) in sub-clause (1), for the words, "at the rates", the words "at such rate" shall be substituted;

(ii) for sub-clause (3), the following sub-clause shall be substituted, namely:—

"(3) The demand under sub-section (2) shall be paid by the applicant within sixty days of receipt of the form referred to in sub-section (2), failing which such short paid amount shall be recalculated by way of a reduction in the amount waived, in such manner as may be notified by the Government.".

Clause 14

(i) in sub-clause (1), for the last sentence, the following sentence shall be substituted, namely:—

"In respect of each application separate order and certificate of settlement shall be issued:"

(ii) The existing sub-clause (2) shall be re-numbered as sub -clause (3) and the existing sub-clause (3) shall be re-numbered as sub-clause (2);

(iii) in sub-clause (2) so renumbered, for the words, figure, brackets and symbol "sub-section (1)", the words, figures, brackets and symbol "sub-section (1) or sub-section (2)" shall be substituted.

Clause 15

for clause 15, the following clause shall be substituted, namely:—

"The designated authority on receipt of the application referred to in section 9 may, for reasons other than short payment of amounts as required under the scheme, refuse to settle the arrears of tax, surcharge, interest or penalty in such form and manner as may be prescribed:

Provided that no order under this sub-section shall be passed without giving the applicant a reasonable opportunity to showcause against such refusal".

Clause 16

in clause 16, for the words, symbol and figure "sub-section (2) of section 14 or section 15" the words, symbol and figure "sub-section (3) of section 14 or section 15" shall be substituted.

Clause 20

(i) in sub-clause (1), for the words "revoke the certificate" , the words "revoke the certificate and the order" shall be substituted;

(ii) In sub-clause (2), for the words "revocation of a certificate" the words "revocation of a certificate and the order" shall be substituted.

Clause 23

in the proviso to item (g) of sub-clause (2), for the words "clause only", the words and symbol "sub-section only" shall be substituted.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, വി. ഡി. സതീശൻ, അൻവർ സാദത്ത്, എ. കെ. എം. അഷ്റഫ്, ഡോ. എം. കെ. മുനീർ എന്നിവരും ശ്രീമതി ഉമ തോമസും വിയോജിപ്പ് രേഖപ്പെടുത്തി.

പ്രസ്തുത സംയുക്തയോഗാനന്തരം സബ്ജക്ട് കമ്മിറ്റി VIII, സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാത്രി 8.20-ന് പിരിഞ്ഞു.

## 8-7-2024-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2024 ജൂലൈ 8-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.25-ന് നിയമസഭ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ :

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

ശ്രീ. പി. പി. സുമോദ്, എം.എൽ.എ.

ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1) ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി
2) ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. സജി കുമാർ, സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ഷിബു എ., അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
6. ശ്രീമതി ശ്രീകല സി. കെ., ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് & കുട്ടനാട് പാക്കേജ്, ആലപ്പുഴ
7. ഡോ. സി. സതീഷ് കുമാർ, പ്രിൻസിപ്പൽ, ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം
8. ശ്രീമതി മീനാംബിക കെ. ബി., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
9. ശ്രീമതി ടെസ്സി ജോസ്, അക്കൗണ്ട്സ് ഓഫീസർ, ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം
10. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്.

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകളുടെ പരിഗണന

(ഫയൽ നം. 6301/സബ്.സി.എ.2/2023/നി.സെ.)

2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ പൊതുമരാമത്ത്, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ, മത്സ്യബന്ധന-തുറമുഖം, ഗതാഗതം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. കരട് റിപ്പോർട്ടുകളുടെ പരിഗണന

2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണന.

(ഫയൽ നം. 7520/സബ്.സി.എ.2/2024/നി.സെ.)

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 5.40-ന് യോഗം അവസാനിച്ചു.

## 14-10-2024-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2024 ഒക്ടോബർ 14-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 8.15-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ്കുമാർ സന്നിഹിതനായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1) ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.
2) ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.
3) ശ്രീ. പി. പി. സുമോദ് എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1) ശ്രീമതി ഷബാന അഞ്ജും., അഡീഷണൽ സെക്രട്ടറി
2) ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. കെ. വാസുകി, സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീ. നാഗരാജു ചക്കിലം, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്.
3. ശ്രീ. സജി കുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (CSIND)
4. ശ്രീ. പി. എസ്. പ്രമോജ് ശങ്കർ, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.
5. ശ്രീമതി ഗിരിജ കുമാരി ജി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്.
6. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
7. ശ്രീ. ഷൈൻ എ. ഹഖ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
8. ശ്രീ. മനോജ് കുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്.
9. ശ്രീ. രാജീവ് ആർ. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സ്), ഗതാഗത വകുപ്പ്.
10. ശ്രീ. അരുൺ കെ. ജേക്കബ്, ഡയറക്ടർ, ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറേറ്റ്, കൊല്ലം.
11. ശ്രീമതി മീനാംബിക കെ.ബി., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ വിവിധ യോഗനിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, കാലതാമസ പത്രികകൾ, എസ്.ആർ.ഒ. സാധൂകരണം എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. നടപടി പത്രികകളുടെ പരിഗണന

(1) വിനോദസഞ്ചാര മേഖലയിലുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 26-7-2023-ലെ സമിതിയോഗനിർദ്ദേശത്തിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നം.617/സബ്.സി.എ 2/2019/ലെജി.)

**ശിപാർശ നമ്പർ 1**

വിനോദ സഞ്ചാരത്തിനായുള്ള ഹൗസ് ബോട്ടുകളിലും മറ്റു ബോട്ടുകളിലും യാത്രക്കാരിൽ നിന്നും ഈടാക്കുന്ന നിരക്ക് നിശ്ചയിക്കുന്നതിനായി ഒരു സംവിധാനം നിലവിൽ കൊണ്ടു വരുന്നതിനായി തുറമുഖ വകുപ്പ്സെക്രട്ടറി, കേരള മാരിടൈം ബോർഡ് ചെയർമാൻ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുക എന്ന ശിപാർശയിന്മേൽ വകുപ്പ് സമർപ്പിച്ച നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയുണ്ടായി. ഹൗസ് ബോട്ടുകളിലെ യാത്രക്കാർക്ക് നൽകുന്ന ബില്ലുകളിൽ ജി. എസ്. ടി. ഉൾപ്പെടുത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് 6 മാസമായിട്ടും കഴിഞ്ഞിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി പ്രകടിപ്പിക്കുകയും ഹൗസ് ബോട്ടുകളുടെ നിരക്ക് ഏകീകരിക്കുന്നതിന് ഇത്രയും സമയം ആവശ്യമില്ലെന്ന് നിരീക്ഷിക്കുകയും സമിതി ശിപാർശ നടപ്പിലാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം ആരായുകയും ചെയ്തു. ഹൗസ് ബോട്ടുകളുടെ നിരക്ക് ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുവാൻ തുറമുഖ, വിനോദസഞ്ചാര വകുപ്പുകളുടെ സെക്രട്ടറിമാരും മാരിടൈംബോർഡ് ചെയർമാനും യോഗം ചേർന്നതായും സ്വകാര്യമേഖലയിലെ ഹൗസ് ബോട്ടുകളുടെ നിരക്ക് ഏകീകരിക്കുന്നതിന് ഏത് രീതിയിലുള്ള നിയന്ത്രണം കൊണ്ടുവരണമെന്നുള്ളത് ഒരു പ്രശ്നമായി നിലനിൽക്കുന്നതായും സീസൺ സമയത്തു മാത്രമാണ് ബിസിനസ് നടക്കുന്നതെന്നും അല്ലാത്ത സമയങ്ങളിൽ വരുമാനമുണ്ടാകില്ലെന്നുമാണ് ബോട്ടുടമകളിൽനിന്നും അറിയാൻ സാധിച്ചതെന്നും സ്വകാര്യ ഹൗസ് ബോട്ട് മേഖലയിൽ സർക്കാരിന് നടത്താവുന്ന ഇടപെടൽ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ടെന്നും ആദ്യഘട്ടമെന്ന നിലയിൽ ഹൗസ് ബോട്ടിൽ കയറുന്ന യാത്രക്കാർക്ക് നൽകുന്ന ബില്ലിൽ ജി. എസ്. ടി. ഉൾപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ ജി. എസ്. ടി. കമ്മീഷണർക്ക് നിർദ്ദേശം നൽകിയതായും പ്രസ്തുത മേഖലയിൽ എൻഫോഴ്സ്മെന്റ് വ്യാപിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ജി. എസ്. ടി. കമ്മീഷണർക്ക് കത്ത് നൽകിയതായും അടുത്ത സമിതി യോഗത്തിന് മുമ്പ് ഇതു സംബന്ധിച്ച്

റിപ്പോർട്ട് നൽകാൻ ജി. എസ്. ടി. കമ്മീഷണറോട് ആവശ്യപ്പെടാമെന്നും, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. റിപ്പോർട്ട് നൽകിയാൽ മാത്രം മതിയാകില്ലെന്നും ഹൗസ് ബോട്ടിൽ കയറുന്ന യാത്രക്കാർക്ക് നൽകുന്ന ബില്ലിൽ ജി. എസ്. ടി. ഉൾപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അടുത്ത സമിതി യോഗത്തിന് മുമ്പ് വകുപ്പ് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിച്ചു. സ്വകാര്യ മേഖലയിൽ പരിശോധന നടത്താൻ സാധിക്കില്ലെന്ന് പറയുന്നത് ശരിയല്ലെന്നും ജലഗതാഗത നിയമങ്ങളനുസരിച്ച് നടപടി സ്വീകരിക്കണമെന്നും ഹൗസ് ബോട്ടുകൾക്ക് നിശ്ചിത താരിഫ് ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുകയും സെക്രട്ടറി തലത്തിൽ സംഘടനാ പ്രതിനിധികളുടെ യോഗം ചേർന്ന് ഇക്കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്ന വകുപ്പിന് ബോട്ടിന്റെ മറ്റു വിഷയങ്ങളും പരിശോധിക്കാനാകുമെന്നും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ മറ്റ് കാര്യങ്ങളിലും കൃത്യത വരുമെന്നും സമിതി നിരീക്ഷിച്ചു. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരളമാരിടൈം ബോർഡ് തന്നെയാണ് പരിശോധിക്കുന്നതെന്നും കൃത്യമായ പരിശോധന നടത്തുന്നുണ്ടെന്നും ഹൗസ് ബോട്ട് യാത്രക്കാർക്ക് ജി. എസ്. ടി ഉൾപ്പെടുന്ന ബിൽ നൽകുകയാണെങ്കിൽ യാത്രാനിരക്കിൽ നിയന്ത്രണം കൊണ്ടുവരാൻ സാധിക്കുമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ എല്ലാ യാത്രക്കാരും നിർബന്ധമായും ബിൽ വാങ്ങണമെന്നില്ലെന്നും ബിൽ വാങ്ങാതിരുന്നാൽ യാത്രാചാർജ് കുറച്ചുകൊടുക്കുന്ന രീതി ചില ഹൗസ് ബോട്ടുകളിൽ നിലനിൽക്കുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു.

**ശിപാർശ നമ്പർ 2**

ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ ഹൗസ് ബോട്ടുകളുടെ പ്രവർത്തനത്തോടൊപ്പം മാലിന്യ സംസ്കരണം സംബന്ധിച്ച് നൽകിയ ശിപാർശ നമ്പർ 2- മേൽ സമർപ്പിച്ചിട്ടുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത യോഗത്തിൽ ലഭ്യമാക്കിയ വിവരങ്ങൾ തന്നെയാണ് ഈ യോഗത്തിലും വകുപ്പ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വിലയിരുത്തുകയും കായലുകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നത് ടൂറിസത്തെ സഹായിക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ബോട്ടുകളുടെ രജിസ്ട്രേഷനും സർവ്വേയും മാത്രമാണ് കേരളമാരിടൈം ബോർഡിന്റെ കീഴിൽ വരുന്നതെന്നും ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റിനുള്ള എല്ലാ നടപടികളും ടൂറിസം വകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നുണ്ടെന്നും ഹൗസ് ബോട്ടുകളിൽ നിന്നും ഖരമാലിന്യങ്ങൾ കായലിൽ നിക്ഷേപിക്കുന്നില്ലെന്നും രാത്രിയുടെ മറവിൽ ഖരമാലിന്യം ശേഖരിച്ച് കായലിൽ തള്ളുന്ന പ്രവണത നിലനിൽക്കുന്നുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. ഹൗസ് ബോട്ടുകൾ വർദ്ധിച്ച സാഹചര്യത്തിൽ

മാലിന്യ സംസ്കരണ പ്ലാന്റുകൾ അപ്ഗ്രേഡ് ചെയ്യേണ്ടത് അത്യാവശ്യമാണെന്നും വേമ്പനാട് കായലിന്റെ സംരക്ഷണം ടൂറിസത്തിന്റെ മുഖമുദ്രയാക്കണമെന്ന് മുൻ സമിതി യോഗത്തിൽ ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ പരാമർശമുണ്ടായിട്ടും ആയതിന് നടപടിയൊന്നും സ്വീകരിച്ചതായി നടപടി റിപ്പോർട്ടിൽ കാണുന്നില്ലെന്നും സമിതി വിമർശിച്ചു. കായലുകളുടെ സംരക്ഷണം സംബന്ധിച്ച നടപടികൾ മാരിടൈം ബോർഡിന്റെ അധികാര പരിധിയിൽ വരുന്നതല്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി.

**ശിപാർശ നമ്പർ 3 & 4**

ആലപ്പുഴ ജില്ലയിലെ വിനോദ സഞ്ചാര മേഖലയിലുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 26-7-2024-ലെ യോഗത്തിൽ സമിതി നൽകിയ ശിപാർശ നമ്പർ 3, 4 എന്നിവയിന്മേൽ സമർപ്പിച്ചിട്ടുള്ള നടപടി റിപ്പോർട്ട് പരിശോധിച്ച സമിതി ആലപ്പുഴ ജില്ലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തുന്ന ബോട്ടുകൾ ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പ് സ്വീകരിക്കുന്ന നിയമ നടപടികളെ സംബന്ധിച്ച് ആരാഞ്ഞു. ആലപ്പുഴ ജില്ലയിലെ ബോട്ടുകളിൽ 2021-ലെ ഇൻലാൻഡ് വെസൽ ആക്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി സുരക്ഷാ പരിശോധന പൂർത്തിയാക്കിയെങ്കിലും നിയമവിധേയമല്ലാതെ ധാരാളം ബോട്ടുകൾ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും അവയെ നിയമത്തിനു കീഴിൽ കൊണ്ടു വരുന്നതിന് ഒരു ഡ്രൈവ് നടത്തിയിട്ടുണ്ടെന്നും മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. ആലപ്പുഴ ജില്ലയിൽ 5-6 വർഷമായി പുതിയ ബോട്ടുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കാതിരുന്നപ്പോൾ പ്രസ്തുത മേഖല ചില ബോട്ടുടമകളുടെ കുത്തകയാകുകയും യാത്രക്കാരിൽ നിന്ന് അമിത ചാർജ് ഈടാക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തതായും ആലപ്പുഴ ജില്ലയിൽ പുതിയ ബോട്ടുകളുടെ രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശമുണ്ടായതായും തദവസരത്തിൽ പുതിയ ബോട്ടുകളുടെ രജിസ്ട്രേഷൻ പുനരാരംഭിക്കുന്നത് കായൽ മലിനീകരണത്തിന് കാരണമാകുമെന്ന് കാണിച്ച് ഹൗസ് ബോട്ടുടമകൾ ബഹു. ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയതായും പ്രസ്തുത സ്റ്റേ നിലനിൽക്കുന്നതിനാൽ ബോട്ടുകളുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്താൽ മോട്ടോർ വാഹന വകുപ്പിന്റെ ഇ-പരിവഹൻ മാതൃകയിൽ പോർട്ടൽ തയ്യാറാക്കി ബോട്ടുകളുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുമെന്നും അതോടെ ബോട്ടുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാകുമെന്നും ഇ-പരിവഹൻ മാതൃകയിൽ എൻഫോഴ്സ്മെന്റ് നടപടികൾ വികസിപ്പിക്കാൻ ആരംഭിച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയായതിനുശേഷം മൂന്നു നാല് മാസങ്ങൾക്കുള്ളിൽ ഹൗസ് ബോട്ട് മേഖലയിലെ നിയമവിരുദ്ധ പ്രവണതകൾ ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കുന്നതായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ

അറിയിച്ചു. ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്യുന്നതു കൂടാതെ മറ്റ് സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ബോട്ടുകൾ ആലപ്പുഴയിൽ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിനായി എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നുള്ള സമിതിയുടെ മുൻയോഗത്തിലെ ചോദ്യത്തിന് വകുപ്പ് മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. പുതിയ ആക്ട് പ്രകാരം ബോട്ടുകളുടെ പരിശോധനയ്ക്കുള്ള ടീമിനെ നോട്ടിഫൈ ചെയ്യേണ്ടതുണ്ടെന്നും ബോട്ടുകളുടെ പരിശോധന ആവശ്യമായ സാഹചര്യങ്ങളിൽ തീരദേശ പോലീസിന്റെയും ജില്ലാ കളക്ടറുടെ ടീമിന്റെയും സഹായത്തോടെയാണ് നിലവിൽ പരിശോധന നടത്തുന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു പ്രസ്തുത വിവരങ്ങൾ നടപടി റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം സമിതി ആരാഞ്ഞു. ബോട്ടുകളുടെ പരിശോധനയ്ക്കുള്ള ഉദ്യോഗസ്ഥരെ നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും സമിതിക്ക് നൽകാനുള്ള നടപടി റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷമാണ് ഇതു സംബന്ധിച്ച് നോട്ടിഫിക്കേഷൻ വന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി. ഹൗസ് ബോട്ടുടമകൾ ഹൈക്കോടതിയിൽ നിന്ന് വാങ്ങിയ സ്റ്റേ വെക്കേറ്റ് ചെയ്യാൻ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത കേസ് ഒക്ടോബർ 21-നാണ് പരിഗണിക്കുന്നതെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു.

2. <u>8-12-2022-ലെ സമിതിയോഗത്തിലെ നിർദ്ദേശപ്രകാരം സി.എസ്.ഐ.എൻ (എ) വകുപ്പ് വ്യക്തത വരുത്തി പുനഃസമർപ്പിച്ച നടപടി റിപ്പോർട്ട് പരിഗണന</u>

(ഫയൽ നം. 11605/സബ്.സി.എ 2/2021/ലെജി.)

8-12-2022-ലെ സമിതിയോഗത്തിലെ നിർദ്ദേശപ്രകാരം സി.എസ്.ഐ.എൻ (എ) വകുപ്പ് വ്യക്തത വരുത്തി പുനഃസമർപ്പിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, കൊല്ലം-ചവറ ജലപാതയുടെ വീതിയും ആഴവും വർദ്ധിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പുതുക്കി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണെന്ന് 8-12-2023-ൽ IWAI (ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ) റീജിയണൽ ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്ന് നടപടി റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും ഏകദേശം 10 മാസം കഴിഞ്ഞിട്ടും ഇതിന്റെ നിലവിലെ സ്ഥിതി നടപടി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ചു. 8-12-2023-ന ശേഷം നാഷണൽ ഹൈവേ (NH-66) യുടെ വികസനത്തിനായി ജലപാതയുടെ ആ ഭാഗത്ത് ആഴം എത്രയാണോ വേണ്ടത് അതിനനുസരിച്ചുള്ള മണ്ണ് ഡ്രഡ്ജ് ചെയ്ത് സൗജന്യമായി കൊണ്ടുപോകുന്നതിന് NHAI (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ)യ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടെന്നും ആയതിന്റെ വർക്ക് NWAI ചെയ്യുകയാണെന്നും പ്രസ്തുത വർക്ക് പൂർത്തിയാകുന്ന മുറയ്ക്ക് ജലപാതയുടെ ആഴം കൂടുമെന്നും പ്രസ്തുത സാഹചര്യത്തിൽ ജലപാതയുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ടെണ്ടറിന്

പ്രസക്തിയില്ലാതാകുകയാണെന്നും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (CSIND) സ്പെഷ്യൽ സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി. പ്രസ്തുത വിവരം നടപടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ ഇക്കാര്യം നടപടി റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുണ്ടെന്നും കായംകുളത്തും ചവറ ഭാഗത്തും, മണ്ണ് ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുന്നതിന് NHAI-യ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ജലപാതയിലെ മണ്ണ് ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുന്നത് സംബന്ധിച്ച ആവശ്യം വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന സാഹചര്യത്തിൽ NH-66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആവശ്യമുള്ള മണ്ണ് ജലപാതയുടെ വിവിധയിടങ്ങളിൽ നിന്നും എടുക്കുന്നതിനായി പൊതുവായ ഉത്തരവ് ഇറക്കുമെന്ന് ബഹു. മുഖ്യമന്ത്രി അറിയിച്ചിട്ടുള്ളതായും ജലപാതയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ മണ്ണ് എടുക്കാൻ അനുവാദം നൽകുകയുള്ളൂവെന്നും ആയതിനുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെ നടത്തിയിട്ടുള്ളതായും കൊല്ലം, വള്ളക്കടവ് ഭാഗങ്ങളിൽ മൂന്ന് പാലങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടായിരുന്നതായും അതിൽ ഒരു പാലം ടെണ്ടർ ചെയ്ത് 20 മീറ്റർ വർക്ക് ആരംഭിച്ചതായും 2 പാലങ്ങളുടെ ഡിസൈൻ പൂർത്തിയായിട്ടില്ലെന്നും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് വർക്ക് ആരംഭിക്കുമെന്നും CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പാലം നിർമ്മിക്കുന്നതിനായി കനാൽ അടച്ചതിനാൽ അതുവഴി ബോട്ട് സർവ്വീസ് നടത്താൻ സാധിക്കുന്നില്ലെന്ന് പരാതി ഉയർന്നിട്ടുള്ളതായി സമിതി നിരീക്ഷിച്ചു. ബോട്ട് സർവ്വീസ് നടത്തുന്നതിനായി അവിടെ ബൈപാസ് നിലവിലുണ്ടെന്ന് CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തൃക്കുന്നപ്പുഴ ഭാഗത്ത് ബോട്ടുകൾ പോകാൻ സാധിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞു. തൃക്കുന്നപ്പുഴ ഭാഗത്ത് ലോക്ക് കം ബ്രിഡ്ജിന്റെ വർക്ക് നടക്കുന്നുണ്ടെന്നും ജങ്കാറിനൊപ്പം താത്കാലിക ബ്രിഡ്ജുകൂടി വേണമെന്ന് അവിടത്തെ ജനങ്ങൾ ആവശ്യം ഉന്നയിച്ചതിനാലാണ് അവിടെ നിലവിൽ ബോട്ടുകൾക്ക് പോകാൻ സാധിക്കാത്തതെന്നും CSIND സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. ഓരോ ജില്ലയിലെയും ജലപാതയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞു. തിരുവനന്തപുരം മുതൽ ചേറ്റുവ വരെയുള്ള ജലപാത മാർച്ച് 2025-നുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും കോട്ടപ്പുറം മുതൽ കല്ലായിവരെ IWAI -യുടെ കീഴിൽ വരുന്നതിനാൽ കേന്ദ്ര സർക്കാരാണ് പ്രസ്തുത വർക്ക് ചെയ്യേണ്ടതെന്നും അവിടെ പൊളിച്ചു പണിയാനുള്ള കുറച്ചു പാലങ്ങൾ പൊളിച്ച് പണിയുന്നതിനായി 1200 കോടി രൂപയുടെ ഡി.പി.ആർ. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതായും എന്നാൽ ആയതിന് കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ അനുകൂലമായ സമീപനം ഉണ്ടായിട്ടില്ലെന്നും പ്രസ്തുത ജലപാതയിലെ കുറച്ചു ഭാഗങ്ങളിൽ വർക്ക് നടക്കുന്നുണ്ടെന്നും CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. വർക്കല തുരങ്കത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞു. വർക്കല തുരങ്കത്തിന് 4.8 മീറ്റർ വീതിയും 5 മീറ്റർ ഉയരമേയുള്ളൂവെന്നും അതിലൂടെ കസ്റ്റമൈസ്ഡ് ബോട്ടുകൾക്ക് മാത്രമേ പോകാൻ സാധിക്കുകയുള്ളൂവെന്നും ആയതിലേയ്ക്കായി സിയാലിന്റെ

കസ്റ്റമൈസ്ഡ് ബോട്ടുകൾ ഓർഡർ ചെയ്തിട്ടുള്ളതായും CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കല്ലായി മുതൽ മാഹി വരെയുള്ള ജലപാതയുടെ വർക്കിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. പ്രസ്തുത വർക്ക് ഒരു വർഷത്തിനകം തീർക്കാൻ സാധിക്കുമെന്ന് CSIND സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. 2015 ഡിസംബറിനു മുമ്പ് ജലപാത ഉദ്ഘാടനം ചെയ്യാൻ സാധിക്കുമോ എന്നും കുറ്റ്യാടി ഭാഗത്തുള്ള പ്രശ്നം പരിഹരിച്ചിട്ടുണ്ടോ എന്നും അവിടെ പാലങ്ങൾ പൊളിച്ചു നിർമ്മിക്കാനുള്ളത് സംബന്ധിച്ചും സമിതി ആരാഞ്ഞു. കുറ്റ്യാടി ഭാഗത്ത് 700 മീറ്റർ പ്രദേശത്ത് പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും ടി ഭാഗം ഒഴികെയുള്ളവയുടെ വർക്ക് 2025 ഡിസംബറിനു മുമ്പ് തീർക്കാൻ സാധിക്കുമെന്നും വെങ്ങോളി പാലത്തിന്റെ പണി പൂർത്തിയായതായും കോട്ടപ്പള്ളി പാലം ഇപ്പോൾ ടെണ്ടർ ചെയ്യുകയാണെന്നും മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിന്റെ പണി ഉടൻ തീരുന്നതാണെന്നും കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജിന്റെ വർക്ക് നവംബർ മാസത്തോടെ തീർക്കുമെന്നും CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി.

കോഴിക്കോട് സിറ്റിയിൽത്തന്നെ ധാരാളം പാലങ്ങൾ പൊളിക്കാനുള്ളത് സംബന്ധിച്ച് സമിതി ആരാഞ്ഞു. കോഴിക്കോട് സിറ്റി കനാലിൽ മാത്രമാണ് പ്രശ്നമുള്ളതെന്നും സിറ്റിക്കകത്ത് 14 മീറ്റർ വീതി മാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂയെന്നതിനാൽ സിറ്റി കനാൽ നിർമ്മാണത്തിന് കുറച്ച് പ്രയാസങ്ങളുണ്ടെന്നും CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വർക്ക് പൂർത്തിയാക്കാതെ ജലപാത ഉദ്ഘാടനം 2025-ൽ നടത്താൻ സാധിക്കുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞു.

കോഴിക്കോട് സിറ്റി കനാൽ നിർമ്മാണത്തിന് മാത്രമാണ് കാലതാമസമെടുക്കുന്നതെന്നും പ്രസ്തുത വിഷയം സമിതിയെ അറിയിക്കാൻ വിട്ടുപോയതാണെന്നും കല്ലായി മുതൽ 15 കിലോമീറ്റർ ഒഴികെ ബാക്കി ജലപാത നിർമ്മാണം 2025-ൽ പൂർത്തീകരിക്കാനാകുമെന്നും CSIND സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സമിതി പ്രസ്തുത മറുപടി അംഗീകരിച്ചു.

<u>2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 134, 135, 136, 144 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് (കാലതാമസപത്രിക സഹിതം)</u>

(ഫയൽ നം. 1576/സബ്.സി.എ 2/2020/ലെ.ജി)

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 134, 135, 136, 144 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 8 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം. 11979/സബ്.സി.എ 2/2021/ലെ.ജി.)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 8 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. കാലതാമസപത്രികകളുടെ പരിഗണന.

1. ഗതാഗത വകുപ്പിന്റെ 2019-20-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രിക.

(ഫയൽ നം. 259/സബ്.സി.എ 2/2020/ലെ.ജി.).

ഗതാഗത വകുപ്പിന്റെ 2019-2020-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. ഗതാഗത വകുപ്പിന്റെ 2022-2023-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക.

(ഫയൽ നം. 788/സബ്.സി.എ 2/2023/ലെ.ജി.)

ഗതാഗത വകുപ്പിന്റെ 2022-2023-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. എസ്.ആർ.ഒ. സാധൂകരണം

1. ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2023, SRO നമ്പർ 908/2023 dated, 25.08.2023-ന്റെ സാധൂകരണം.

(ഫയൽ നം. 17079/സബ്.സി.എ 2/2024/ലെ.ജി.)

സമിതി, ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2023, SRO നമ്പർ 908/2023 സമിതിയുടെ പരിശോധന കൂടാതെ ചട്ടങ്ങൾ പുറപ്പെടുവിച്ച നടപടി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

സമിതി യോഗം രാത്രി 8.35-ന് അവസാനിച്ചു.

## 21-2-2025-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2025 ഫെബ്രുവരി മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേന അധ്യക്ഷത വഹിച്ചു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ യോഗത്തിൽ പങ്കെടുത്തു.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ പി. ബി. നൂഹ്. I.A.S, സ്പെഷ്യൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. സജികുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
3. ശ്രീ. പി. എസ്. പ്രമോജ് ശങ്കർ, സി. എം. ഡി., കെ. എസ്. ആർ. ടി. സി
4. ശ്രീ നാഗരാജു ചക്കിലം, ട്രാൻസ്പോർട്ട് കമ്മീഷണർ
5. ശ്രീമതി മീനാംബിക കെ. ബി., സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്
6. ഡോ. സി സതീഷ് കുമാർ, പ്രിൻസിപ്പാൾ, ശ്രീചിത്രാ തിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം
7. ശ്രീ മനോജ് പി, ഫിനാൻസ് ഓഫീസർ, സംസ്ഥാന ജല ഗതാഗത വകുപ്പ്
8. ശ്രീമതി. ഷീല എം., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
9. ശ്രീമതി. ശ്രീകല സി. കെ. ചീഫ് എൻജിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ
10. ശ്രീ മൻമോഹൻ സി. വി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന IX(വാഹന നികുതികൾ), XLI(ഗതാഗതം) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ**

**2041 – വാഹന നികുതികൾ**

2041-00-001-99-05-4—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പ് പോസ്റ്റേജ് ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും ഓൺലൈനായി സ്വീകരിക്കുന്ന പോസ്റ്റൽ ചാർജ് ‘0041-005-800-98 മോട്ടോർ വാഹന വകുപ്പ് നൽകുന്ന സേവനങ്ങൾക്കുള്ള ഫീസ് ' എന്ന വരവ് ശീർഷകത്തിൽ അടയ്ക്കുവാനും തപാൽ വകുപ്പിന് നൽകേണ്ട തുക ‘2041-00-001-99-05-04 ഓഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിനും ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. പോസ്റ്റൽ ചാർജ് ഇനത്തിൽ തന്നെ പ്രതിമാസം 1.5 കോടി രൂപ ഈ ശീർഷകത്തിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ചെലവുകൾക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 4.3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-21-3—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഭരണച്ചെലവുകൾ - മോട്ടോർ വാഹനങ്ങൾ - ഇൻഷുറൻസ്

മോട്ടോർ വാഹന വകുപ്പ് ഹെഡ്കോർട്ടേഴ്സ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക ഈ ശീർഷകത്തിൽ നിന്നും വഹിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ 48544 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-001-96—വാഹന നികുതികൾ - ഭരണവും നടത്തിപ്പും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

നിലവിൽ Polyethylene Terephthalate Glycol (PET G) കാർഡുകൾ പ്രിൻറ് ചെയ്ത ഇനത്തിൽ 20,20,95,625 രൂപ കുടിശ്ശിക കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് നൽകുന്നതിനും ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും അച്ചടിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-04-1—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന - യാത്രാ ചെലവുകൾ - യാത്രാ ബത്ത

ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 11.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-21-2—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 9.38 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-21-3—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന- മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങൾ- ഇൻഷുറൻസ്

മോട്ടോർ വാഹന വകുപ്പിന്റെ ഹെഡ് ഓഫീസ് വാഹനങ്ങൾ ഒഴികെയുള്ള വകുപ്പിലെ വാഹനങ്ങളുടെ ഇൻഷുറൻസ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 6.26278 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ഉപശീർഷകം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്**

(7) മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഐ.സി.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിനും കാലപ്പഴക്കം വന്ന ഫർണിച്ചറുകൾ മാറ്റി പുതിയവ വാങ്ങുന്നതിനും പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും നിലവിലുള്ള കുടിശ്ശികകൾ തീർക്കുന്നതിനുമായി '2041-00-001-96' എന്ന ശീർഷകത്തിൻ കീഴിൽ പുതിയ ഉപശീർഷകം ഉൾപ്പെടുത്തി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

### 5055-റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5055-00-800-91—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - റോഡ് സുരക്ഷാ ക്രമീകരണങ്ങൾ - യന്ത്രോപകരണങ്ങൾ

മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായുള്ള വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-90—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ- ഇലക്ട്രോണിക് കാര്യനിർവഹണത്തിന്റെ പ്രാരംഭം

മോട്ടോർ വാഹന വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-050-97—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - ഭൂമിയും കെട്ടിടവും - മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം

സംസ്ഥാന അതിർത്തി കടന്നുവരുന്ന അന്യസംസ്ഥാന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും സോഫ്റ്റ് വെയർ രൂപകല്പന ചെയ്യുന്നതിനും എ.എൻ.പി.ആർ. ക്യാമറകളിൽ നിന്നും ലഭ്യമാകുന്ന ഡാറ്റ ഉപയോഗിച്ച് ഡാഷ് ബോർഡ് തുടങ്ങുന്നതിനുമുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-76-2—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - പരിശോധനക്കും സർട്ടിഫിക്കേഷനുമായുള്ള മാതൃകാകേന്ദ്രങ്ങൾ സ്ഥാപിക്കൽ-പരിശോധനക്കും സർട്ടിഫിക്കേഷനുമായുള്ള മാതൃകാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ (സംസ്ഥാന വിഹിതം)

റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പ്രദാനം ചെയ്ത് റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള I&C സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-73-2—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - നിർഭയ ഫ്രെയിം വർക്കിന് കീഴിലുള്ള സുരക്ഷയും നിർവഹണത്തിനുമുള്ള സംസ്ഥാനം തിരിച്ചുള്ള വെഹിക്കിൾ ട്രാക്കിംഗ് പ്ലാറ്റ്ഫോം (60:40)-സ്റ്റേറ്റ് ഷെയർ

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട നിർഭയ പ്രോജക്ട് പ്രവർത്തന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-72—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - ഇന്റഗ്രേറ്റഡ് ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐഐപിടിഎസ്)

ബസുകളുടെ തൽസമയ ലൊക്കേഷൻ സ്പോട്ടിങ്ങും ഫീൽഡ് ഓഫീസേഴ്സിനു സ്റ്റേജ് കാരിയേജുകളുടെ ടൈമിംഗ് ഷെഡ്യൂൾ ട്രാക്ക് ചെയ്യുന്നതിനും ഉപകാരപ്രദമായ രീതിയിൽ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള പ്രവർത്തന മൂലധന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 885 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-79—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

കാലപ്പഴക്കം ചെന്ന ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി ഈ ശീർഷകത്തിൽ 66.88 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**3056 – ഉൾനാടൻ ജലഗതാഗതം**

3056-00-001-99-05-1—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വെള്ളക്കരനിരക്ക് വർദ്ധനവിന്റെ അടിസ്ഥാനത്തിലുണ്ടായ അധികബാധ്യത കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വകുപ്പ് ഇ– ഓഫീസ് സംവിധാനത്തിലേക്ക് മാറിയതിന്റെ ഭാഗമായി വൈദ്യുതി ഉപഭോഗം കൂടിയിട്ടുള്ളതിനാലും വൈദ്യുത ചാർജ്ജ് നിരക്ക് വർദ്ധനവ് മൂലമുള്ള അധിക ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-05-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

ടെലിഫോൺ ചാർജ്ജ് വർദ്ധന, ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നപ്പോൾ ഇന്റർനെറ്റ് കണക്ടിവിറ്റിയ്ക്കായി നൽകേണ്ട അധിക തുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-06—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - വാടക, കരം, നികുതി

ബോട്ടുകളുടെയും കെട്ടിടങ്ങളുടെയും ലൈസൻസ്/നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-17—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ചെറുകിട മരാമത്തുപണികൾ

സാധന സാമഗ്രികൾ, കൂലി എന്നിവയുടെ നിരക്കു വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-21-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ സ്പെയർ പാർട്സ് വില, ലേബർ ചാർജ്ജ് എന്നിവയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-99—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - വിവര സാങ്കേതിക വിദ്യ</u>

ഇ-ഓഫീസ് സംവിധാനം സബ് ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി അധിക തുക ആവശ്യം ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-02-5—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വേതനം - ദിവസവേതനം</u>

ടൂറിസം ഉൾപ്പെടെയുള്ള അധിക സർവ്വീസുകളുടെ നടത്തിപ്പിന് ദിവസവേതന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-34-3—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ-മറ്റിനം</u>

സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ടിക്കറ്റ് വെന്റിംഗ് മെഷീൻ, പേപ്പർ റോൾ, പോർട്ടർ ചാർജസ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-45—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - പി.ഒ.എൽ.</u>

ബോട്ടുകളുടെ പ്രധാന ഇന്ധനമായ ഡീസലിന് കാലാകാലങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നത് നിമിത്തം അധികമായി വരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-97-12—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അധിക ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 2.8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ

ബോട്ടുകളുടെ സ്പെയർ പാർട്സ്സുകളുടെ വില വർദ്ധനവും ടൂറിസം ഉൾപ്പെടെയുള്ള സർവ്വീസുകൾ വർദ്ധിപ്പിച്ചതും അറ്റകുറ്റപ്പണി ഇനത്തിൽ ചെലവ് വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ 32.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-97-34-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും -മറ്റ് ചെലവുകൾ - മറ്റിനം

ബോട്ടുകളുടെ അറ്റകുറ്റപ്പണി വിഭാഗത്തിൽ അനുബന്ധ ചെലവുകളിൽ ആനുകാലികമായി ഉണ്ടായ വർദ്ധനവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-003-99—ഉൾനാടൻ ജലഗതാഗതം - പരിശീലനവും ഗവേഷണവും - ഉൾനാടൻ ജലഗതാഗത വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം

ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻജലഗതാഗതം - മറ്റുചെലവുകൾ - മറ്റുചെലവുകൾ - മറ്റു ചെലവുകൾ-മറ്റിനം

സർവ്വീസ് നടത്തിപ്പിലെ മറ്റിനങ്ങളിലുള്ള അനുബന്ധ ചെലവുകൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ വോട്ടഡ് ശീർഷകത്തിൽ 75,000 രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം - മറ്റു ചെലവുകൾ - മറ്റു ചെലവുകൾ - മറ്റു ചെലവുകൾ-മറ്റിനം

ജീവനക്കാർക്കും യാത്രക്കാർക്കുമുള്ള GPA ഇൻഷുറൻസ് പരിരക്ഷ, ബോട്ടുകളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് എന്നിവയുടെ പ്രീമിയം സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ് മുഖാന്തരം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ചാർജ്ജ്ഡ് ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5056-00-104-99—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - പുതിയ എഞ്ചിനുകൾ വാങ്ങലും പഴയ ബോട്ടുകളുടെ പുതുക്കിപ്പണിയലും</u>

ബോട്ടുകളുടെ മൈനർ റിപ്പയർ വർക്കുകൾ, ഹൗളിംഗ് ചാർജസ് എന്നിവ കൊടുത്തു തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-04-1—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - യാത്രാ ചെലവുകൾ - യാത്രാ ബത്ത</u>

വകുപ്പിലെ ജീവനക്കാർക്ക് ദേശീയ തലത്തിലുള്ള കായിക മേളകളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-6—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വാടക കരം നികുതി</u>

സ്റ്റേഷൻ ഓഫീസ് കെട്ടിടങ്ങളുടെ ലൈസൻസ്, നികുതി നിരക്കുകളിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-74—<u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ</u>

പവർ പ്ലാന്റ് സ്ഥാപിക്കൽ, വനിതാ ഹോസ്റ്റൽ, അക്കാഡമിക് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, കോൺഫറൻസ് ഹാളിന് അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ, റിസർച്ച് ലാബ്, മൈക്രോബയൽ പ്രോസസ് ലബോറട്ടറി, പരിസ്ഥിതി ബയോറെമീഡിയേഷൻ ലാബ് , CCF ലാബ് എന്നിവ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 16.27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5075 – മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്**

5075-60-800-83-1—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി.) - സംസ്ഥാന നികുതി തിരികെ നൽകൽ</u>

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഘട്ടം 1 എ, ഘട്ടം 1 ബി എന്നിവയുടെ നികുതി തിരിച്ചടവ്, കേന്ദ്ര സർക്കാരിന്റെ അനുമതിക്കനുസൃതമായി ഘട്ടം 2-ന്റെ സംസ്ഥാന നികുതി, കേന്ദ്ര നികുതി തിരിച്ചടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 169.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-83-3—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി.)-വായ്പാ പലിശ തിരിച്ചടവ്</u>

വായ്പ തിരിച്ചടവ്, പലിശ അടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 633.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-83-4—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി.)-പ്രാവർത്തിക ധന നഷ്ടം</u>

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ പ്രാവർത്തിക ധനനഷ്ടം നികത്തുന്നതിനായി ഈ ശീർഷകത്തിൽ 38.34 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-83-5—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി.)-സജ്ജീകരണ പ്രവൃത്തികൾ</u>

ലൈറ്റ് മെട്രോ പദ്ധതിയുടെ DPR, CMP, AAR എന്നിവ തയ്യാറാക്കുന്നതിനായും തിരുവനന്തപുരം ഓഫീസ് നടത്തിപ്പിനു വേണ്ടിയും സോളാർ പദ്ധതി, സൈബർ സെക്യൂരിറ്റി, ട്രെയിനിങ് സെന്റർ നിർമ്മാണം, ഘട്ടം 2 പാർക്കിങ് സ്പേസ്, KWML നടത്തിപ്പ് പ്രതിഫലം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ 218.54 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ശീർഷകം അനുവദിക്കുന്നത് സംബന്ധിച്ച്**

കൊച്ചി മെട്രോയുടെ ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവർത്തികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതിനാൽ, ഈ പദ്ധതിക്കായി മുൻകാലങ്ങളിൽ കൊച്ചി മെട്രോക്കായി ബജറ്റ് വിഹിതം അനുവദിച്ചിരുന്നതും നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ '5075-60-190-96- കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്' എന്ന ശീർഷകം ഉൾപ്പെടുത്തി 74.90 കോടി രൂപ ഇക്വിറ്റി ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-57—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി മെട്രോ റെയിൽ (MIDP) (EAP)</u>

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം 2 നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 211 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**7055 - റോഡ് ഗതാഗതത്തിനുള്ള വായ്പകൾ**

7056-00-190-98—<u>ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - സംയോജിത ജലഗതാഗത പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുള്ള വായ്പ.</u>

2025-26 സാമ്പത്തിക വർഷത്തിൽ വാട്ടർ മെട്രോ പദ്ധതിയുടെ നടത്തിപ്പിനായും കോൺട്രാക്ടേഴ്സിന് നൽകുന്നതിനുമായും അധികതുക ആവശ്യമുള്ളതിനാൽ ഈ

ശീർഷകത്തിൽ 162.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7056-00-190-97-01—ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി - പ്രവർത്തന മൂലധന സഹായം

2025-26 സാമ്പത്തിക വർഷത്തിൽ കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തന ചെലവുകൾക്കും വ്യത്യസ്ത മൂലധന പദ്ധതികൾക്കും ആയി ഈ ശീർഷകത്തിൽ 40.13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**3075 - മറ്റു ഗതാഗത സർവ്വീസുകൾ**

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നവീകരണത്തിനും അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5056 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5056-00-104-83—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - ദേശീയ ജലപാതയിൽ ക്രോസ്സ് സ്ട്രക്ചർ നിർമ്മാണം (നബാർഡ് ആർ.ഐ.ഡി.എഫ്.)

പാലങ്ങളുടെ വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡം നിർബന്ധമാക്കുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5075 - മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്**

5075-60-800-94—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗതം(സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും

പശ്ചിമതീര കനാലിന്റെ വിവിധ പ്രവൃത്തികൾക്കായും പാലങ്ങളുടെ നിർമ്മാണം എന്നിവയുടെ സ്ഥലമെടുപ്പിനായും ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## 3075 – മറ്റു ഗതാഗത സർവ്വീസുകൾ

3075-60-001-98-21-2—<u>മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിനാൽ വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി യാത്രകൾ കൂടുതലാകുന്നതും വാഹനത്തിന്റെ കാലപ്പഴക്കം കാരണവും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലമുള്ള അധിക ചെലവിനുമായി ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3075-60-001-98-01-4—<u>മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3075-60-001-98-99—<u>മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - വിവരസാങ്കേതിക വിദ്യ</u>

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കാലോചിതമായി അപ്ഡേറ്റ് ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 99,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് 12.00-ന് യോഗം അവസാനിച്ചു.

## 21-2-2025-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2025 ഫെബ്രുവരി മാസം 21-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേന അധ്യക്ഷത വഹിച്ചു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ യോഗത്തിൽ പങ്കെടുത്തു.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1) ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി
2) ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബിജു കെ., സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീമതി മിനി എം., സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീമതി ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. രാഹുൽ കൃഷ്ണ ശർമ്മ, പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്, പൊതുമരാമത്ത് വകുപ്പ്
5. ശ്രീ. ബീന എൽ. ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
6. ശ്രീ മുഹമ്മദ് അൻസാരി, ചീഫ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
7. ശ്രീ അജിത്ത് രാമചന്ദ്രൻ, ചീഫ് എൻജിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്
8. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

സമിതി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്**

**2059 - പൊതുമരാമത്ത്**

2059-60-053—പൊതുമരാമത്ത് - മറ്റു കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, കഴക്കൂട്ടം സൈനിക സ്കൂൾ, ചരക്ക് സേവനനികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റു സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 7.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2059-01-053—പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2059-80-053—പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കലും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണവും ഇലക്ട്രോണിക്സ് മെയിന്റനൻസസും തുടങ്ങിയവ നടപ്പിലാക്കിയ ഇനത്തിൽ കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-80-051-73—പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ- നിർമ്മാണം - ജുഡീഷ്യൽ വകുപ്പിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

ജുഡീഷ്യൽ വകുപ്പിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-99-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ - വൻകിട മരാമത്തുപണികൾ

സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-97-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ഇലക്ഷൻ - വൻകിട മരാമത്തുപണികൾ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിരം, VVPAT, വെയർ ഹൗസ് നിർമ്മാണം എന്നിവയ്ക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-96-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തുപണികൾ

ഭൂനികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-86-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്ത പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്തുപണികൾ

പൊതുമരാമത്ത സിവിൽ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ 42 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-60-051-72-16—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം -നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി - വൻകിട മരാമത്തുപണികൾ

നിയമസഭാ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കുന്ന പദ്ധതികളുടെ ബില്ലുകൾക്ക് യഥാസമയം പേയ്മെന്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് സമിതി അറിയിക്കുകയും നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4059-60-051-77-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം -നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം - വൻകിട മരാമത്തുപണികൾ</u>

നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-60-051-86-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റ് കെട്ടിടങ്ങൾ- നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ)-വൻകിട മരാമത്തുപണികൾ</u>

പൊതുമരാമത്ത് സിവിൽ പണികൾ പൂർത്തീകരിക്കാനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-05-101-99-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - പാലങ്ങൾ - സി.ആർ.ഐ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ</u>

സേതുബന്ധൻ പ്രവൃത്തിയിൽ ഉൾപ്പെട്ട റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന് കീഴിലുള്ള ഏഴ് പാലങ്ങളുടെ നിർമ്മിതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പും സ്ഥലം ഒരുക്കലും ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ചെലവിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-03-337-92—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - കാലാവസ്ഥയെ പ്രതിരോധിക്കുന്നതരത്തിൽ പമ്പാ തടത്തിലെ പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണി

പുതുതായി രൂപീകരിച്ച Road Maintenance Management System (RMMS Cell)-ന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-107-97—റോഡുകളും പാലങ്ങളും- ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ - കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-99-05-1—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ് - ഓഫീസ് ചെലവുകൾ -വെള്ളക്കരം

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വെള്ളക്കര ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-99-21-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ് - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എഴ് വാഹനങ്ങളുടെ പരിപാലന ചെലവിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.03 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-98 -21-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർവാഹനങ്ങൾ – സംരക്ഷണവും അറ്റകുറ്റപ്പണികളും

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം മൂന്ന സർക്കിൾ കാര്യാലയങ്ങളിലെ വാഹനങ്ങളുടെ പരിപാലനത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.44 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-98-21-3—റോഡുകളും പാലങ്ങളും - ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ – ഇൻഷ്വറൻസ്

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം മൂന്ന് സർക്കിൾ കാര്യാലയങ്ങളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-98-45—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം-പി.ഒ.എൽ.

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം മൂന്ന് സർക്കിൾ കാര്യാലയങ്ങളിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.08 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97-01-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97-05-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം-ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.43 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97 -05-4—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം- ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മുൻ വർഷത്തെ കുടിശ്ശിക അടച്ചു തീർക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27.63 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97-06—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം- വാടക കരം നികുതി

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളുടെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളുടെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും വാടക, കരം, നികുതി ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97-21-2—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും വാഹനങ്ങളുടെ പരിപാലനത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.71 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97-34-3—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം-മറ്റു ചെലവുകൾ - മറ്റിനം

പൊതുമരാമത്ത് നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മറ്റു ചെലവുകൾക്കായി അനുവദിച്ച തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97-93—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം - ട്രേഡ് അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റ്

